**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2612** **02-08-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | നെന്മാറ ഐ.ടി.ഐ.യുടെ കെട്ടിടം നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടികൾ പൂർത്തീ കരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി സോയിൽ ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് സഹിതം സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതി ലേക്കായി കോഴിക്കോട് പി. ഡബ്ല്യു .ഡി . ഡിസൈൻ വിംങിലേയ്ക്ക് അയച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിയ്ക്കുള്ള ഡീറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികളിലേക്ക് കടക്കുന്നതാണ് . |
| (ബി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | കെട്ടിടം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയ ഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുന്ന മുറയ്ക്കും ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ് . |

സെക്ഷൻ ഓഫീസർ